സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂൺ 23 വെള്ളി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in


PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## വാർത്തകൾ റിപ്പോർട്ട് ചെയ്യുമ്പോൾ മാധ്യമങ്ങൾ തികഞ്ഞ ഉത്തരവാദിത്വം പുലർത്തണം: ഹൈക്കോടതി




കൊച്ചി: വാർത്തകൾ റിപ്പോർട്ട് ചെയ്യുമ്പോൾ മാധ്യമങ്ങൾ തികഞ്ഞ ജാഗ്രതയും ഉത്തരവാദിത്വവും പുലർത്തണമെന്ന് കേരളാ ഹൈക്കോടതി. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കെ.കെ രാഗേഷിന്റെ ഭാര്യ പ്രിയവർഗീസിന്റെ കണ്ണൂർ സർവ്വകലാശാലയിലെ അസോസിയേറ്റ് പ്രൊഫസർ നിയമനം അസാധുവാക്കിയ സിംഗിൾ ബഞ്ച് നടപടി റദ്ദാക്കിക്കൊണ്ടുള്ള വിധിയിലാണ് ഹൈക്കോടതിയുടെ സുപ്രധാനമായ ഈ പരാമർശം. ഉത്തരവാദിത്വത്തോട് കൂടി വാർത്തകൾ റിപ്പോർട്ട് ചെയ്യാനുള്ള മനോഭാവം പുലർത്തണമെന്നും ഇതിനായി മാധ്യമങ്ങൾ സ്വയം പെരുമാറ്റച്ചട്ടം പുലർത്തണമെന്നും ജസ്റ്റിസുമാരായ ജയശങ്കരൻ നമ്പ്യാരും മുഹമ്മദ് നിയാസും പറഞ്ഞു. സ്വകാര്യത എന്നത് ഭരണഘടന നൽകുന്ന അവകാശമാണ്. ഇത് ഒരാൾക്ക് സ്വന്തം അന്തസ് കാത്ത് രക്ഷിക്കാനുള്ള അവകാശം കൂടിയാണ്. ഭരണകൂടത്തിന്റെ ഏകപക്ഷീയമായ നടപടികളിൽ നിന്നും മാത്രമല്ല മാധ്യമങ്ങളിൽ നിന്നും മറ്റു വ്യക്തികളിൽ നിന്നും പൗരന്റെ സ്വകാര്യത സംരക്ഷിക്കണപ്പെടണം.

## കൊവിഡ് പോർട്ടൽ വിവര ചോർച്ച: പ്രതി ബിടെക് വിദ്യാർഥി; ഡാറ്റ വിറ്റിട്ടില്ലെന്ന് പോലിസ്




ന്യൂഡൽഹി: കൊവിഡ് പോർട്ടലിലെ വിവരങ്ങൾ ചോർന്ന സംഭവത്തിൽ പ്രധാന പ്രതി ബിടെക് വിദ്യാർഥി. ബീഹാറിൽ നിന്ന് അറസ്റ്റിലായ സഹോദരങ്ങളുടെ ചോദ്യം ചെയ്യൽ തുടരുമെന്ന് പോലിസ് അറിയിച്ചു. അറസ്റ്റിലായ 22 കാരനായ വിദ്യാർഥി ഡാറ്റ ആർക്കും വിറ്റിട്ടില്ലെന്ന് പോലിസ് വ്യക്തമാക്കി. കൊവിൻ ആപ്പിലെ വിവര ചോർച്ചയിൽ കേന്ദ്ര ഐ.ടി മന്ത്രാലയം അന്വേഷണം പ്രഖ്യാപിച്ചിരുന്നു. കമ്പ്യൂട്ടർ എമർജൻസി റസ്പോൺസ് ടീമിനായിരുന്നു അന്വേഷണ ചുമതല. വിവര ചോർച്ച അതീവ ഗുരുതരമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണവുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോയത്. വിവര ചോർച്ചയിൽ അന്വേഷണം വേണമെന്ന് പ്രതിപക്ഷത്ത് നിന്നടക്കം ആവശ്യം ശക്തമായിരുന്നു. കൊവിഡ് വാക്സീനേഷൻ സമയത്ത് നൽകിയ വ്യക്തി വിവരങ്ങൾ ടെലഗ്രാമിലൂടെ ചോർന്നത് ദേശസുരക്ഷയെ പോലും ബാധിക്കുന്ന വിഷയമാണെന്ന് പ്രതിപക്ഷം വിമർശിച്ചിരുന്നു. വാക്സിനേഷൻ സമയത്ത് നൽകിയ പേര്, ആധാർ, പാസ്പോർട്ട്, പാൻകാർഡ് തുടങ്ങിയ രേഖകൾ, ജനന വർഷം, വാക്സീനെടുത്ത കേന്ദ്രം തുടങ്ങിയ വിവരങ്ങളാണ് ഹാക്ക് ഫോർ ലേൺ എന്ന ടെലഗ്രാം ബോട്ടിലൂടെ ചോർന്നത്. ഒരു വ്യക്തി ഏത് വാക്സീനാണ് സ്വീകരിച്ചതെന്നും മറ്റൊരാൾക്ക് അറിയാം. വ്യക്തികളുടെ ഫോൺ നമ്പറോ ആധാർ നമ്പറോ നൽകിയാൽ ഒറ്റയടിക്ക് മുഴുവൻ വിവരങ്ങളും ലഭ്യമാകും. രാജ്യത്തെവിടെയിരുന്നും വിവരങ്ങൾ ചോർത്താം. കേന്ദ്ര ആരോഗ്യ സെക്രട്ടറിയുടെയും, പ്രതിപക്ഷ നേതാക്കളുടെയും വിവരങ്ങൾ ഈ രീതിയിൽ ലഭ്യമായതിന്റെ സ്ക്രീൻ ഷോട്ടുകൾ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചിരുന്നു.

# പ്രതീക്ഷകൾ അസ്തമിച്ചു

## ടൈറ്റൻ അന്തർവാഹിനി തകർന്നു, അഞ്ചുപേരും മരിച്ചെന്ന് സ്ഥിരീകരണം



ന്യൂയോർക്ക്: ടൈറ്റാനിക് കപ്പലിന്റെ അവശിഷ്ടങ്ങൾ കാണാൻപോവുകയും പിന്നീട് കാണാതാവുകയും ചെയ്ത ടൈറ്റൻ തകർന്നതായി സ്ഥിരീകരണം. സമുദ്രപേടകത്തിലുണ്ടായിരുന്ന അഞ്ചു പേരും മരിച്ചതായി സ്ഥിരീകരിച്ച് യു.എസ് കോസ്റ്റ് ഗാർഡ്. ഉയർന്ന മർദത്തിൽ പേടകം പൊട്ടിത്തെറിച്ചെന്നാണ് നിഗമനം. ടൈറ്റാനിക് കപ്പലിന് ഒന്നര കിലോമീറ്ററോളം അകലെയാണ് പേടകത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയതെന്ന് ഓഷ്യൻ ഗേറ്റ് കമ്പനി അറിയിച്ചു. അഞ്ച് ഭാഗങ്ങളായാണ് ടൈറ്റന്റെ അവശിഷ്ടങ്ങൾ കിടന്നിരുന്നത്. ഇന്ത്യൻ സമയം പുലർച്ചെ 1.30 ഓടെ ടൈറ്റന്റെ ഉടമസ്ഥരായ ഓഷ്യൻ ഗേറ്റ് കമ്പനിയുടെ സ്ഥിരീകരണമെത്തി. ടൈറ്റനിലുണ്ടായിരുന്നവരുടെ മൃതദേഹം കണ്ടെത്തുക ദുഷ്കരമാണെന്നും കോസ്റ്റ് ഗാർഡ് അറിയിച്ചു. ടൈറ്റന്റെ പിന്നിലെ കോണാകൃതിയിലുള്ള ഭാഗമാണ് ആദ്യം കണ്ടെടുത്തത്. കൂടുതൽ ഭാഗങ്ങൾ കണ്ടെത്തുന്നതിനായി കടലിന്റെ അടിത്തട്ടിൽ തിരച്ചിൽ തുടരുകയാണ്.ബ്രിട്ടീഷ് കോടീശ്വരൻ ഹാമിഷ് ഹാർഡിങ്, ഓഷ്യൻഗേറ്റ് എക്സ്പെഡീഷൻസിന്റെ സി.ഇ.ഒ സ്റ്റോക്ടൻ റഷ്, മുങ്ങൽവിദഗ്ധൻ പോൾ പോൾ ഹെൻറി നാർജിയോലെ, ബ്രിട്ടീഷ്-പാകിസ്താനി ബിസിനസുകാരൻ ഷെഹ്സാദ ദാവൂദ്, മകൻ സുലൈമാൻ ദാവൂദ്, ജലപേടകത്തിന്റെ ഉടമകളായ എന്നിവരായിരുന്നു ടൈറ്റൻ പേടകത്തിലുണ്ടായിരുന്നത്. കഴിഞ്ഞ ഞായറാഴ്ചയാണ് അറ്റ്ലാന്റിക് സമുദ്രത്തിന്റെ ആഴത്തിലേക്ക് യാത്ര തിരിച്ച ടൈറ്റൻ പേടകം അപകടത്തിൽപ്പെട്ടത്. യാത്ര തിരിച്ച് 1.45 മണിക്കൂറിനുശേഷം മദർഷിപ്പ് പോളാർ പ്രിൻസ് പേടകവുമായുള്ള ആശയവിനിമയം നഷ്ടമാകുകയായിരുന്നു.എയർക്രാഫ്റ്റുകളും ആഴക്കടൽ പര്യവേക്ഷണത്തിൽ വൈദഗ്ധ്യമുള്ള സമുദ്രപേടകങ്ങളും അന്തർവാഹിനികളും ഉപയോഗിച്ച് ഞായറാഴ്ച മുതൽ തിരച്ചിൽ ഊർജിതമാക്കിയിരുന്നു. ബുധനാഴ്ച കനേഡിയൻ നിരീക്ഷണ വിമാനമായ പി-3 പിടിച്ചെടുത്ത മുഴക്കങ്ങൾ കാണാതായ അന്തർവാഹിനിയിൽ നിന്നാണെന്ന പ്രതീക്ഷയുണ്ടായിരുന്നു. പിന്നീട് ഈ ഭാഗം കേന്ദ്രീകരിച്ച് തിരച്ചിൽ നടത്തിയെങ്കിലും ശബ്ദങ്ങളുടെ കൃത്യമായ സ്ഥാനവും ഉറവിടവും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല.കടലിന്റെ അടിത്തട്ടിലെ കൂടിയ മർദവും തണുപ്പും കാലാവസ്ഥാവ്യതിയാനവും വളരെ പെട്ടെന്നുള്ള രക്ഷാപ്രവർത്തനത്തിന് വിലങ്ങു തടിയായിരുന്നു. വേണ്ടത്ര വെളിച്ചമില്ലാത്തത് രാത്രികാല തിരച്ചിലിനും തടസ്സമായി. സമുദ്രോപരിതലത്തിൽ നിന്ന് നാല് കിലോമീറ്റർ താഴെയാണ് ടൈറ്റാനിക്കിന്റെ അവശിഷ്ടം സ്ഥിതി ചെയ്യുന്നത്. റിമോട്ടായി പ്രവർത്തിപ്പിക്കുന്ന റോബോട്ടുകളും അന്തർവാഹിനിയെ കണ്ടെത്താനുള്ള തിരച്ചിലിൽ പങ്കെടുത്തിരുന്നു. സമുദ്രവാഹിനിക്ക് എന്താണ് സംഭവിച്ചതെന്നോ എങ്ങനെയാണ് ബന്ധം നഷ്ടപ്പെട്ടതെന്നോ ഇതുവരെയും കണ്ടെത്താൻ സാധിച്ചിട്ടില്ല. സ്വകാര്യ മറൈൻ കമ്പനിയായ ഓഷ്യൻഗേറ്റ് എക്സിപഡിഷൻസിന്റെ ഉടമസ്ഥതയിലുള്ളതാണ് ടൈറ്റൻ സമുദ്രപേടകം. ഒരു സഞ്ചാരിക്ക് 25,000 ഡോളർ (രണ്ടു കോടി രൂപ) എന്ന നിരക്കിലാണ് യാത്രക്കാരിൽ നിന്നും തുക ഈടാക്കുന്നത്. ടൈറ്റാനിക് അവശിഷ്ടങ്ങൾ ഏറ്റവും അടുത്ത് നിന്ന് വളരെ നേരം കാണാം എന്നതാണ് ഇതിന്റെ പ്രത്യേകത. അഞ്ച് പേർക്ക് സഞ്ചരിക്കാനുള്ള സൗകര്യം മാത്രമാണ് ടൈറ്റൻ അന്തർവാഹിനിക്കുള്ളത്. രക്ഷാദൗത്യത്തിൽ അമേരിക്കയും കാനഡയും ഫ്രാൻസും ബ്രിട്ടനും എല്ലാം പങ്കാളികളായി. വിമാനങ്ങളും കപ്പലുകളും റോബോട്ടുകളും 17,000 ചതുരശ്ര കിലോമീറ്ററിൽ പരതി. ഇതിനിടെ ടൈറ്റനിൽ നിന്നെന്ന് സംശയിക്കുന്ന സിഗ്നലുകൾ കനേഡിയൻ വിമാനത്തിന് ലഭിച്ചതായി വിവരമെത്തിയത് പ്രതീക്ഷ കൂട്ടി. പക്ഷേ പ്രതീക്ഷകളെല്ലാം വിഫലമാക്കി, വ്യാഴാഴ്ച രാത്രി 12.15 ഓടെ ടൈറ്റൻ തകർന്നെന്ന വിവരം എത്തുകയായിരുന്നു.

## വ്യാജരേഖാ കേസിൽ ഒളിവിൽ കഴിയാൻ വിദ്യയെ പാർട്ടി സഹായിച്ചിട്ടില്ല: സി.പി.എം

കോഴിക്കോട്: വ്യാജരേഖാ കേസിൽ ഒളിവിൽ കഴിയാൻ വിദ്യയെ പാർട്ടി സഹായിച്ചിട്ടില്ലെന്ന് സി.പി.എം പേരാമ്പ്ര ഏരിയാ സെക്രട്ടറി എം. കുഞ്ഞമ്മദ്. 15 ദിവസം വിദ്യ എവിടെയായിരുന്നുവെന്ന് അറിയില്ല. ഏത് വീട്ടിൽ നിന്നാണ് ഇവരെ പിടികൂടിയതെന്നും ആരാണ് ഒളിവിൽ പാർപ്പിച്ചതെന്നും പോലിസ് പറയണമെന്നും എം. കുഞ്ഞമ്മദ് പറഞ്ഞു. വിദ്യ ഒളിച്ചുതാമസിച്ചെന്നത് വസ്തുതയാണ്. പാർട്ടി അന്വേഷണത്തിൽ ഈ കുട്ടി എവിടെയാണ് താമസിച്ചതെന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. പേരാമ്പ്രക്കാർക്ക് വിദ്യയുമായി യാതൊരു ബന്ധവുമില്ല. ഏതെങ്കിലും പഴയ എസ്.എഫ്.ഐക്കാരുടെ വീട്ടിൽ താമസിച്ചിട്ടുണ്ടോയെന്ന് അറിയില്ല. അത് പോലിസ് പറയട്ടെ. പോലിസ് ആ വീട് ഏതെന്ന് പറയാൻ താമസിപ്പിക്കേണ്ടതില്ലെന്നും കുഞ്ഞമ്മദ് പറഞ്ഞു. എത്രയും വേഗം ആരാണ് ഒളിപ്പിച്ചതെന്ന് പോലിസ് പറയണം. അതുവരെ കാക്കാനുള്ള ക്ഷമ യു.ഡി.എഫും മാധ്യമപ്രവർത്തകരും കാണിക്കണമെന്ന് കുഞ്ഞമ്മദ് പറഞ്ഞു. മാധ്യമങ്ങൾ ഇല്ലാക്കഥ ഉണ്ടാക്കുകയാണെന്നും കുഞ്ഞമ്മദ് കുറ്റപ്പെടുത്തി.

## ഹരിത കർമ്മ സേനാംഗങ്ങളോട് അപമര്യാദയായി പെരുമാറിയ വീട്ടുടമയ്ക്ക് 10,000 രൂപ പിഴ

കൊല്ലം: ഹരിത കർമ്മ സേനാംഗങ്ങളോട് അപമര്യാദയായി പെരുമാറിയ വീട്ടുടമയ്ക്ക് പിഴയിട്ട് ഗ്രാമപഞ്ചായത്ത്. 10,000 രൂപയാണ് പഞ്ചായത്ത് വീട്ടുടമയ്ക്ക് പിഴയിട്ടത്. പന്മന ഗ്രാമപഞ്ചായത്തിലെ മാവേലി വാർഡിൽ പ്ലാസ്റ്റിക് ശേഖരണത്തിനെത്തിയ ഹരിത കർമ്മ സേനാംഗങ്ങളോടാണ് വീട്ടുടമ മോശമായി പെരുമാറിയത്. മാലിന്യം എടുക്കാനെത്തിയവർക്ക് പ്ലാസ്റ്റിക് നൽകാൻ വിസമ്മതിച്ച ഇയാൾ സ്കാൻ ചെയ്യുന്നതിന് വീടിന് മുന്നിൽ പതിച്ചിരുന്ന ക്യൂആർ കോഡ് സ്റ്റിക്കർ കീറി കളയുകയും സഭ്യമല്ലാത്ത ഭാഷയിൽ സംസാരിക്കുകയും ചെയ്തു. സേനാംഗങ്ങൾ വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയായിരുന്നു. ഇതോടെ സെക്രട്ടറി നേരിട്ടെത്തി വീട്ടുടമയ്ക്ക് പിഴയടക്കാൻ നോട്ടീസ് നൽകി. ഹരിത കർമ്മ സേനാംഗങ്ങളുമായി സഹകരിക്കാത്ത വീടുകളിലും സ്ഥാപനങ്ങളിലും പരിശോധന നടത്തി പിഴ ചുമത്തുമെന്നും ഗ്രാമപഞ്ചായത്ത് അധികൃതർ പറഞ്ഞു. പിഴ ഒടുക്കാത്തവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുമെന്നും അധികൃതർ അറിയിച്ചു. ഇതിനോടകം വീടുകൾക്കും സ്ഥാപനങ്ങൾക്കും 3.42 ലക്ഷം രൂപയോളം പിഴ ചുമത്തിയിട്ടുണ്ട്. ഇതിൽ 64,500 രൂപയാണ് ഈടാക്കിയത്. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിതരണം, പൊതുസ്ഥലത്തും സ്വകാര്യ സ്ഥലത്തും വലിച്ചെറിയൽ തുടങ്ങിയ കുറ്റകൃത്യങ്ങൾക്കാണ് പിഴ ചുമത്തിയത്. അതോടൊപ്പം തന്നെ പഞ്ചായത്ത് പരിധിയിൽ വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തി കണ്ടെത്തുന്ന വിവിധ നിയമലംഘനങ്ങൾക്ക് വീടുകൾക്കും സ്ഥാപനങ്ങൾക്കും പിഴ ചുമത്തുമെന്ന് അധികൃതർ അറിയിച്ചു.

# വളാഞ്ചേരി വിവാദ ഉദ്ഘാടനം; യൂട്യൂബർ 'തൊപ്പി' കസ്റ്റഡിയിൽ




കൊച്ചി: തൊപ്പി എന്ന പേരിൽ അറിയപ്പെടുന്ന യൂട്യൂബർ നിഹാദിനെ പോലിസ് എറണാകുളത്തു വെച്ച് കസ്റ്റഡിയിൽ എടുത്തു. ഗതാഗത തടസം ഉണ്ടാക്കിയതിനും പൊതുസ്ഥലത്ത് അശ്ലീല പരാമർശം നടത്തിയതിനും വളാഞ്ചേരി പോലിസ് നിഹാദിനെതിരേ കേസ് എടുത്തിരുന്നു. പോലിസെത്തി കൊണ്ടുപോകുന്ന ദൃശ്യങ്ങൾ നിഹാദ്തന്നെ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തു. ഇയാളുടെ ലാപ്ടോപ ഉൾപ്പെടെയുള്ളവ പോലിസ് കസ്റ്റഡിയലെടുത്തു. അശ്ലീലപദ പ്രയോഗം, ഗതാഗതം തടസ്സപ്പെടുത്തൽ എന്നീ കുറ്റങ്ങൾ ചുമത്തി നിഹാലിനെതിരേ നേരത്തെ കേസ് എടുത്തിരുന്നു. ഇക്കഴിഞ്ഞ 17ന് വളാഞ്ചേരിയിൽ ജെന്റ്സ് ഷോപ്പ് ഉദ്ഘാടനവും അവിടെ തൊപ്പി പാടിയ അശ്ലീല പാട്ടും സാമൂഹ്യമാധ്യമങ്ങളിൽ വലിയ ചർച്ചയ്ക്ക് വഴിവച്ചിരുന്നു. കുട്ടികൾ ഉൾപ്പെടെ വലിയ ജനക്കൂട്ടം പരിപാടിക്ക് എത്തിയതുകാരണം ദേശീയപാതയിൽ മണിക്കൂറുകളോളം ഗതാഗത തടസവും നേരിട്ടു. പരിപാടിയിൽ തൊപ്പി പാടിയ തെറിപ്പാട്ട് മാനസിക ബുദ്ധിമുട്ടുണ്ടാക്കിയെന്നും രണ്ട് മണിക്കൂറുകളോളം ഗാതഗതം തടസപ്പെട്ടെന്നും കാണിച്ച് വളാഞ്ചേരി സ്വദേശി സെയ്ഫുദ്ദീനാണ് പോലിസിൽ പരാതി നൽകിയത്. ഇതുമായി ബന്ധപ്പെട്ട് വീഡിയോകളും പരാതിക്കാരൻ ഹാജരാക്കിയിട്ടുണ്ട്. വളാഞ്ചേരിയിലെ കടയുടെ ഉദ്ഘാടന പരിപാടിക്കിടെയായിരുന്നു കേസിനാസ്പദമായ സംഭവം. കട ഉടമയ്ക്കെതിരേയും പോലിസ് കേസെടുത്തു. നൂറ് കണക്കിന് കുട്ടികൾ പരിപാടിക്ക് തടിച്ചു കൂടിയത് സമൂഹമാധ്യമങ്ങളിൽ വലിയ ചർച്ചയായിരുന്നു. യൂട്യൂബിൽ ആയിരക്കണക്കിന് ഫോളോവേഴ്സുള്ളയാളാണ് 'തൊപ്പി' എന്നറിയപ്പെടുന്ന നിഹാദ്. ഗെയിമിങ് പ്ലാറ്റ്ഫോമിലൂടെ ശ്രദ്ധിക്കപ്പെട്ട ഇയാൾക്ക് 18 വയസിന് താഴെയുള്ള നിരവധി കുട്ടികളാണ് പ്രേക്ഷകരായുള്ളത്. സഭ്യമല്ലാത്തതും ടോക്സിക്കും സ്ത്രീ വിരുദ്ധമായ പരാമർശങ്ങളുമുള്ള ഉള്ളടക്കങ്ങളാണ് തൊപ്പി അവതരിപ്പിക്കുന്നതെന്ന് ആക്ഷേപമുണ്ട്.

# ജനാധിപത്യം ഇന്ത്യയുടെ ഡി.എൻ.എ; ഒരു വിവേചനത്തിനും സ്ഥാനമില്ല: മോദി

വാഷിങ്ടൺ: ഇന്ത്യയ്ക്ക് ജനാധിപത്യം എന്നത് തങ്ങളുടെ ഡി.എൻ.എ ആണ്. അതിനാൽ രാജ്യത്ത് ഒരു വിവേചനത്തിനും സ്ഥാനമില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അമേരിക്കൻ സന്ദർശനത്തിൽ പറഞ്ഞു. ഇന്ത്യയിൽ മതന്യൂനപക്ഷങ്ങൾ വിവേചനം നേരിടുന്നുവെന്ന് ആരോപണമുണ്ടല്ലോ എന്ന അമേരിക്കൻ മാധ്യമ പ്രവർത്തകയുടെ ചോദ്യത്തോടാണ് മോദിയുടെ പ്രതികരണം.

അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനൊപ്പമാണ് മോദി വാർത്താസമ്മേളനം നടത്തിയത്. ഇരുരാജ്യങ്ങളുമായുള്ള ബന്ധം ലോകത്തിന്റെ ഭാവിക്ക് അനിവാര്യമെന്ന് ഇരുനേതാക്കളും സംയുക്ത പ്രസ്താവന നടത്തി. നരേന്ദ്രമോദി പ്രധാനമന്ത്രിയായ ശേഷമുള്ള ഒൻപത് വർഷത്തിനിടയിലെ ആദ്യ വാർത്താ സമ്മേളനമായിരുന്നു യു.എസ് സന്ദർശനത്തിലേത്. ആ വാർത്താ സമ്മേളനത്തിലാണ് ഇന്ത്യയിലെ വിവേചനമുണ്ടോ എന്ന ചോദ്യം മോദി നേരിട്ടത്. ലോകത്തെ ഏറ്റവും ശക്തമായ ജനാധിപത്യ രാജ്യം എന്നവകാശപ്പെടുന്ന ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾ വിവേചനം നേരിടുന്നെന്നും എതിരാളികൾ നിശബ്ദരാക്കപ്പെടുന്നെന്നും പരാതി ഉയരുന്നല്ലോ എന്നായിരുന്നു യു.എസ് മാധ്യമപ്രവർത്തകയുടെ ചോദ്യം. ചോദ്യം അത്ഭുതപ്പെടുത്തുന്നതാണെന്നായിരുന്നു മോദിയുടെ മറുപടി. ജാതി, മതം, ലിംഗഭേദം എന്നിവയെ അടിസ്ഥാനമാക്കി ഒരു വിവേചനവും ഇന്ത്യയിൽ ഇല്ലെന്നും പ്രധാനമന്ത്രി പറഞ്ഞു. മാനുഷിക മൂല്യങ്ങളും അവകാശങ്ങളും സംരക്ഷിക്കാത്ത ഒരു രാജ്യവും ജനാധിപത്യം എന്ന വിശേഷണത്തിന് അർഹരല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



വൈറ്റ് ഹൗസിൽ പത്രസമ്മേളനത്തിൽ മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുന്ന ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി. യു.എസ് പ്രസിഡന്റ് ജോ ബൈഡൻ സമീപം

# വിദ്യാലയങ്ങളിൽ രുചിയുള്ള വായന വേണം: കൽപ്പറ്റ നാരായണൻ

കൊയിലാണ്ടി: ഭൂമിയിൽ കണ്ടുപിടിക്കപ്പെട്ടതിൽ വെച്ച് ഏറ്റവും ശക്തിയുള്ള ആയുധം ഭാഷയാണെന്ന് എഴുത്തുകാരൻ കൽപ്പറ്റ നാരായണൻ. കെ.പി.എസ്.ടി.എ കൊയിലാണ്ടി സബ്ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച വായനാ സദസ്സ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വായയ്ക്ക് രുചിയുള്ളതേ നമ്മൾ കഴിക്കുകയുള്ളൂ അതുപോലെ വായനയ്ക്കും രുചിയുള്ളതിനേ വായനക്കാരുണ്ടാവൂ. നമ്മുടെ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് വായനയ്ക്ക് രുചികരമായ വിഭവങ്ങൾ ഒരുക്കി കൊടുക്കണമെന്നും അദ്ദേഹം പറഞ്ഞു. എം.എസ് ബൈജു റാണി അധ്യക്ഷത വഹിച്ചു. കെ.പി.എസ്.ടി.എ സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ അരവിന്ദൻ മുഖ്യ പ്രഭാഷണം നടത്തി. പുസ്തകോത്സവം, കലാപരിപാടികൾ, അനുമോദനസഭ, പുസ്തക സമ്മാനം എന്നിവയും ഇതോടനുബന്ധിച്ച് നടന്നു. മികച്ച എഴുത്തുകാരെയും വായനക്കാരെയും വിവിധ മേഖലകളിൽ ഉന്നത വിജയം നേടിയ കുട്ടികളെയും ചടങ്ങിൽ ഉപഹാരം നൽകി അനുമോദിച്ചു.ഗായിക കുമാരി ഹരി ചന്ദന, സി.വി ബാലകൃഷ്ണൻ, പി. രത്നവല്ലി, എൻ.വി വത്സൻ, കരുണൻ പുസ്തകഭവൻ, വിനീത മണാട്ട്, ഇ.കെ പ്രജേഷ്, കെ.എം മണി, പി.കെ രാധാകൃഷ്ണൻ, കെ. കെ മനോജ്, പി. ബാസിൽ, കെ.പി ഷർഷാദ് എന്നിവർ സംസാരിച്ചു.




കെ.പി.എസ്.ടി.എ കൊയിലാണ്ടി സബ്ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച വായനാ സദസ്സ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന കൽപ്പറ്റ നാരായണൻ

## ഗൂഗിൾ ക്രോമിൽ ഇൻകൊഗ്നിറ്റോ മോഡിലും സ്ക്രീൻഷോട്ടെടുക്കാം; പുതിയ മാറ്റത്തിനൊരുങ്ങി ഗൂഗിൾ

സ്വകാര്യത നിയന്ത്രണങ്ങൾ ഉള്ളതിനാൽ ഇൻകോഗ്നിറ്റോ മോഡിൽ സ്ക്രീൻഷോട്ടുകൾ എടുക്കാൻ ആൻഡ്രോയിഡ് ഉപയോക്താക്കളെ ഗൂഗിൾ ക്രോം അനുവദിക്കാറില്ല. നിലവിൽ ഇൻകൊഗ്നിറ്റോ മോഡിൽ സ്ക്രീൻ ഷോട്ട് എടുക്കാൻ ശ്രമിച്ചാൽ സ്ക്രീൻ ഷോട്ട് എടുക്കാൻ കഴിയില്ലെന്ന മുന്നറിയിപ്പാണ് കാണിക്കുക. അല്ലെങ്കിൽ കാലിയായ ഒരു സ്ക്രീൻ മാത്രമായിരിക്കും ലഭിക്കുക. എന്നാൽ, ഇൻകൊഗ്നിറ്റോ മോഡിലും സ്ക്രീൻ ഷോട്ട് എടുക്കാൻ അനുവദിക്കാൻ ഗൂഗിൾ ഒരുങ്ങുന്നുവെന്നാണ് പുതിയ അപ്ഡേറ്റുകൾ പറയുന്നത്. ഇതുവഴി ആൻഡ്രോയിഡ് ഉപഭോക്താക്കൾക്ക് ഇൻകൊഗ്നിറ്റോ മോഡിൽ സ്ക്രീൻഷോട്ട് എടുക്കാനാവും. മിഷാൽ റഹ്മാൻ എന്നയാൾ ടിറ്ററിൽ പങ്കുവെച്ച വിവരം അനുസരിച്ച് ഇപ്രൂവ്ഡ് ഇൻകൊഗ്നിറ്റോ സ്ക്രീൻഷോട്ട് എന്ന പേരിൽ പുതിയ ക്രോം ഫ്ളാഗ് ബ്രൗസറിൽ ചേർത്തിട്ടുണ്ട്. ഇതുവഴി ആൻഡ്രോയിഡ് ഉപഭോക്താക്കൾക്ക് സ്ക്രീൻഷോട്ട് എടുക്കാൻ കഴിയുന്നു. അതേസമയം ക്രോം ഐഒഎസ് പതിപ്പിലും പുതിയ നിരവധി ഫീച്ചറുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗൂഗിൾ ലെൻസ്, മിനി ഗൂഗിൾ മാപ്പ്, മെച്ചപ്പെട്ട ട്രാൻസ്ലേഷൻ സംവിധാനം എന്നിവ അതിൽ ഉൾപ്പെടുന്നു.




## ഉപാധികളോടെ സ്വപ്നയ്ക്ക് ജാമ്യം; ശിവശങ്കറിന്റെ റിമാൻഡ് നീട്ടി കോടതി



കൊച്ചി: സ്വപ്ന സുരേഷിന് ലൈഫ് മിഷൻ കോഴക്കേസിൽ ജാമ്യം അനുവദിച്ച് കോടതി ഉത്തരവ്. ഉപാധികളോടെയാണ് സ്വപ്നക്ക് ജാമ്യം അനുവദിച്ചത്. അന്വേഷണ ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ ഹാജരാകണമെന്നും കോടതി നിർദേശിച്ചു. എന്നാൽ കേസിൽ ശിവശങ്കറിന്റെ റിമാൻഡ് തുടരാനാണ് നിർദേശം. ആഗസ്റ്റ് അഞ്ച് വരെയാണ് റിമാൻഡ് നീട്ടിയത്. യു.എ.ഇ റെഡ് ക്രെസന്റ് നൽകിയ 19 കോടിയിൽ 4.5 കോടി രൂപ കോഴയായിനൽകിയാണു സന്തോഷ് ഈപ്പന്റെ യൂണിടാക് കമ്പനി ലൈഫ് മിഷൻ പദ്ധതിയുടെ നിർമാണക്കരാർ നേടിയതെന്നാണ് ഇ.ഡി കേസ്. ശിവശങ്കറിനു കോഴയായി പണം നൽകിയെന്നും ഈ പണമാണു സ്വപ്ന സുരേഷിന്റെ ബാങ്ക് ലോക്കറുകളിൽനിന്നു കണ്ടെത്തിയതെന്നുമാണ് ആരോപണം. കേസിൽ ഫെബ്രുവരി 14 നാണ് ശിവശങ്കറിനെ ഇ.ഡി അറസ്റ്റ് ചെയ്തത്.



## ചെന്നൈയിൽ ട്രെയിനിന് തീപിടിച്ചു

ചെന്നൈ: ചെന്നൈയിൽ ട്രെയിനിന് തീപിടിച്ചു. ചെന്നൈ-മുംബൈ ലോകമാന്യ തിലക് എക്സ്പ്രസിലാണ് തീപിടിത്തമുണ്ടായത്. യാത്രക്കാരെല്ലാവരും സുരക്ഷിതരാണെന്നാണ് വിവരം. ട്രെയിനിന്റെ എഞ്ചിനിൽ നിന്ന് എസിയിലേക്കുള്ള കേബിളിലാണ് തീപിടിത്തമുണ്ടായത്. ചെന്നൈ ബേസിൻ ബ്രിഡ്ജിൽ എത്തിയപ്പോഴാണ് തീപടിത്തം ശ്രദ്ധയിൽ പെട്ടത്. ഉടൻ ട്രെയിൻ നിർത്തി. തകരാർ പരിഹരിച്ച ശേഷം ട്രെയിൻ വീണ്ടും സർവീസ് പുനരാരംഭിക്കുമെന്ന് റെയിൽവെ വ്യക്തമാക്കി.

# മെസ്സിയുടെ ജീവചരിത്രം പ്രകാശനം ചെയ്തു



കോഴിക്കോട്: മാധ്യമക്രോഴിക്കോട്: മാധ്യമപ്രവർത്തകനായ കമാൽ വരദൂർ പരിഭാഷപ്പെടുത്തിയ ലിയോണൽ മെസ്സിയുടെ ജീവചരിത്രം ഇന്ത്യൻ ഫുട്ബോൾ താരങ്ങളായ മുഹമ്മദ് റാഫി, അനസ് എടത്തൊടികക്ക് നൽകി പ്രകാശനം ചെയ്തു. സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഒ.രാജഗോപാൽ അധ്യക്ഷത വഹിച്ചു. മലയാള മനോരമ ചീഫ് ന്യൂസ് എഡിറ്റർ പി.ജെ ജോഷ്വ ആശംസ നേർന്നു. കമാൽ വരദൂർ, ലിപി അക്ബർ സംസാരിച്ചു. പ്രസ് ക്ലബ്ബ് പ്രസിഡന്റ് എം.ഫിറോസ് ഖാൻ സ്വാഗതം പറഞ്ഞു.

ലിയോണൽ മെസ്സിയുടെ ജീവചരിത്രം ഇന്ത്യൻ ഫുട്ബോൾ താരങ്ങളായ മുഹമ്മദ് റാഫി, അനസ് എടത്തൊടികക്ക് നൽകി പ്രകാശനം ചെയ്തപ്പോൾ

## വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ പ്രതിഷേധ സമരം ജൂലൈ നാലിന്



കോഴിക്കോട്: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വ്യാപകമായി ജൂലായ് നാലിന് കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുമ്പിൽ പ്രതിഷേധ ധർണ നടത്തുമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര പറഞ്ഞു. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉൽപ്പാദനരംഗത്ത് തന്നെ തടയുന്നതിനു യാതൊരു നടപടിയും എടുക്കാതെ പ്ലാസ്റ്റിക് നിരോധനത്തിന്റെ പേരിൽ ചെറുകിട വ്യാപാരികളെ തെരഞ്ഞുപിടിച്ചു പീഡിപ്പിക്കുന്ന നടപടികൾ അവസാനിപ്പിക്കുക, പ്ലാസ്റ്റിക് നിരോധനത്തിന്റെ പേരിൽ അമിതമായ പിഴ ചുമത്തുന്ന നടപടികൾ അവസാനിപ്പിക്കുക, അമിതമായ വ്യാപാര ലൈസൻസ് ഫീസ് വർധനവും കെട്ടിട നികുതി വർധനവും പിൻവലിക്കുക, തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ധർണ സംഘടിപ്പിക്കുന്നത്.

ഇന്ധന സെസ്സ് ഏർപ്പെടുത്തിയ തീരുമാനം ഉൾപ്പെടെയുള്ളവ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫെബ്രുവരി മാസം ഏകോപന സമിതി സംസ്ഥാന തലത്തിൽ സമര പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഇത്തരം തീരുമാനങ്ങൾ കൊണ്ട് നൈമിഷിക ലാഭത്തേക്കാൾ കാലക്രമത്തിൽ സംസ്ഥാനത്തിനു വരുമാന നഷ്ടം ആണ് ഉണ്ടാവുക. ഇപ്പോൾ അത് ശരിവയ്ക്കുന്ന റിപ്പോർട്ടുകൾ ആണ് പുറത്തുവരുന്നത്. ഇന്ധന വിൽപ്പനയിൽ സംസ്ഥാനത്ത് കുറവ് സംഭവിച്ചിരിക്കുന്നു. കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള ദീർഘദൂര യാത്രാ വാഹനങ്ങളും സംസ്ഥാനാനന്തര ചരക്ക് വാഹനങ്ങളും ഇപ്പോൾ നമ്മുടെ അയൽസംസ്ഥാനങ്ങളിൽ നിന്നാണ് ഇന്ധനം വാങ്ങുന്നത്.

വ്യാപാര ലൈസൻസ് ഫീസ്, കെട്ടിട നികുതി ഉൾപ്പെടെ എല്ലാത്തരം ഫീസുകളും വർധിപ്പിച്ചിരിക്കുകയാണ്. സ്ഥിതി ഇതേപടി തുടർന്നാൽ ചെറുകിട വ്യാപാരികൾ പൂർണമായും അടച്ചുപൂട്ടേണ്ട അവസ്ഥയിലേക്ക് പോകേണ്ടിവരും. വ്യാപാരികളുടെ നിലനിൽപ് തന്നെ അപകടത്തിലാക്കുന്ന വിധത്തിലുള്ള പ്ലാസ്റ്റിക് നിരോധനത്തിന്റെ പേരിൽ ഉദ്യോഗസ്ഥ സ്ക്വാഡുകളുടെയും തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉള്ള വേട്ടയാടലുകളും പിഴചുമത്തലുകളും ഫീസ് വർധനവുകളും അവസാനിപ്പിച്ച് വ്യാപാരി സൗഹൃദ അന്തരീക്ഷം സംസ്ഥാനത്ത് ഉണ്ടാക്കണമെന്നുമ രാജു അപ്സര ആവശ്യപ്പെട്ടു.

# മർകസ് ഐ.ടി.ഐ; വിവിധ ട്രേഡുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു

കോഴിക്കോട്: മർകസു സ്സഖാഫത്തി സുന്നിയ്യക്ക് കീഴിൽ കാരന്തൂരിൽ പ്രവർത്തിക്കുന്ന മർകസ് ഐ.ടി.ഐ ആൻഡ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 2023 അധ്യായന വർഷത്തിലെ വിവിധ ട്രേഡുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. കേന്ദ്ര ഗവ. സർട്ടിഫിക്കറ്റ് കോഴ്സായ എൻ.സി.വി.ടിക്ക് കീഴിൽ മെക്കാനിക്ക് ഡീസൽ (ഒരു വർഷം), സർവേയർ (രണ്ട് വർഷം), ഇലക്ട്രോണിക് മെക്കാനിക്ക് (രണ്ട് വർഷം), വയർമാൻ (രണ്ട് വർഷം) ട്രേഡുകളിലും കേരള ഗവ. സർട്ടിഫിക്കറ്റ് കോഴ്സായ കെ.ജി.സി.ഇക്ക് കീഴിൽ ഓട്ടോമൊബൈൽ എൻജിനീയറിംഗ് (രണ്ട് വർഷം), ഇലക്ട്രിക്കൽ എജിനീയറിംഗ്(രണ്ട് വർഷം), റെഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ് (രണ്ട് വർഷം), സിവിൽ എൻജിനീനിയറിംഗ് (രണ്ട് വർഷം), മെക്കാനിക്കൽ എൻജിനീയറിംഗ് (രണ്ട് വർഷം), ഇലക്ട്രോണിക്സ് എൻജിനീയറിംഗ് (രണ്ട് വർഷം) ട്രേഡുകളിലും പഠനം നടത്താം. ഡിപ്ലോമ ഇൻ ഇൻഫോർമേഷൻ ടെക്നോളജി കോഴ്സിന് കീഴിലായി സി.സി.ടി.വി, മൊബൈൽ സർവ്വീസ്, നെറ്റ് വർക്കിംഗ്, ഹാർഡ്വെയർ സർവീസ്, ലാപ്ടോപ് സർവീസ് എന്നീ ന്യൂ ജനറേഷൻ ട്രേഡുകളും പഠിക്കാനുള്ള സൗകര്യമുണ്ട്. മർകസ് ഐ.ടി.ഐയിൽ നിന്നും പഠനം പൂർത്തിയാക്കിയവർ രാജ്യത്തിനകത്തും പുറത്തുമായി പ്രമുഖ മൾട്ടിനാഷണൽ കമ്പനികളിൽ സേവനമനുഷ്ഠിക്കുന്നു. കൂടാതെ സംരംഭകത്വ രംഗത്ത് ശോഭിച്ചവരും നിരവധിയാണ്. ഏറെ തൊഴിൽ സാധ്യതയുള്ള കോഴ്സുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ ഐ.ടി.ഐ ഓഫിസിൽ നിന്നും അപേക്ഷ ഫോം കൈപ്പറ്റി പൂരിപ്പിച്ചതിന് ശേഷം ഓഫീസിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്. വിവരങ്ങൾക്ക്: 0495 2801026, 9072500420.

## ബീച്ച് ഹോസ്പ്പിറ്റൽ രോഗികളുടെ ദുരിതത്തിന് പരിഹാരം കാണണം: കെ.ഷൈബു




കോഴിക്കോട്: ജില്ലാ ജനറൽ (ബീച്ച്) ഹോസ്പ്പിറ്റലിൽ ഒ.പി ശീട്ട്, ലാബ്, ക്യാഷ് കൗണ്ടർ എന്നിവയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതു കാരണം രോഗികൾ മണിക്കൂറുകൾ വരിനിൽക്കുന്നു എന്ന് രോഗികൾ പരാതി അറിയിച്ചതിനെ തുടർന്ന് ബിജെ.പി നടക്കാവ് മണ്ഡലം പ്രസിഡന്റ് കെ.ഷൈബു, ജനറൽ സെക്രട്ടറി എൻ.പി പ്രകാശൻ, കർഷക മോർച്ച മണ്ഡലം പ്രസിഡന്റ് ടി. പ്രജോഷ് എന്നിവർ ബീച്ച് ഹോസ്പ്പിറ്റൽ സന്ദർശിച്ചു. ഒ.പി ശീട്ട് ലഭിക്കാൻ മൂന്ന് കൗണ്ടാറാണ് നിലവിൽ ഉള്ളത് അതിൽ ഒരു കൗണ്ടർ പ്രവർത്തിക്കുന്നില്ല. നൂറുകണക്കിന് രോഗികൾ മണിക്കൂറുകൾ വരി നിൽക്കേണ്ട സാഹചര്യമാണ്. ഒ.പി. ശീട്ട് കൗണ്ടറിന്റെ എണ്ണം അടിയന്തിരമായി കൂട്ടണം, മുൻപ് കാണിച്ച രോഗികൾക്ക് ഒ.പി. ശീട്ടിൽ സീൽ വെച്ച് പുതുക്കിയാൽ മാത്രമെ വീണ്ടും കാണിക്കാൻ സാധിക്കൂ. പുതുക്കുന്നതിന് പ്രത്യേക കൗണ്ടർ തുറക്കണം. രോഗികൾ ശീട്ട് ലഭിക്കാൻ മഴയത്ത് നിൽക്കേണ്ട സാഹചര്യവും ഇവിടെയുണ്ട്. ലാബിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കണം. ക്യാഷ് കൗണ്ടറിന്റെ എണ്ണം വർധിപ്പിക്കണം, മരുന്നുക്ഷാമം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. വ്യത്തിഹീനമായ രീതിയിൽ പ്രവർത്തിച്ചതിന് കോർപറേഷൻ അടച്ച് പൂട്ടിയ ക്യാന്റീൻ മാസങ്ങളായിട്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നില്ല എന്നീ വിഷയങ്ങൾക്ക് ഉടൻ പരിഹാരം കാണണമെന്നാവശ്യപ്പെട്ട് ഹോസ്പ്പിറ്റൽ വികസന സമിതി ചെയർമാനായ ജില്ലാ കലക്ടറെ ബി.ജെ.പി സംഘം കാണും. ശക്തമായ ജനകീയ ഉപവാസമടക്കമുള്ള സമര പരിപാടികൾക്ക് നേതൃത്വം നൽകുമെന്നും കെ.ഷൈബു അറിയിച്ചു.

## ഹർഷിന കെ.കെ സത്യഗ്രഹ സമരം; കെ.സി അബു സമരപന്തലിലെത്തി പിന്തുണ അറിയിച്ചു


മുൻ ഡി.സി.സി പ്രസിഡന്റ് കെ.സി അബു സമരപന്തലിലെത്തി ഹർഷിനക്ക് പിന്തുണ അറിയിച്ചപ്പോൾ

കോഴിക്കോട്: ഹർഷിന കെ.കെ സമരസമിതിയുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സത്യഗ്രഹ സമരത്തിന്റെ 31-ാം

ദിവസം മുൻ ഡി.സി.സി പ്രസിഡന്റ് കെ.സി അബു സമരപന്തലിൽ എത്തി പിന്തുണ അറിയിച്ചു. തെരുവിൽ കിടന്നു സമരം ചെയ്യുന്ന ഹർഷിനക്ക് നീതി ഉറപ്പാക്കാൻ ദുരഭിമാനം കൈവെടിഞ്ഞ് സർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പോലിസ് അന്വേഷണം ഉടൻ പൂർത്തിയാക്കി കുറ്റക്കാർക്കെതിരേ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 27 ചൊവ്വാഴ്ച രാവിലെ 10.30ന് കോഴിക്കോട് സിറ്റി പോലിസ് കമ്മീഷണർ ഓഫീസിലേക്ക് മാർച്ച് നടത്താൻ സമിതി യോഗം തീരുമാനിച്ചു. യോഗത്തിൽ സമരസമിതി ചെയർമാൻ ദിനേശ് പെരുമണ്ണ അധ്യക്ഷത വഹിച്ചു. കൺവീനർ മുസ്തഫ പാലാഴി, എം.ടി സേതുമാധവൻ, അബ്ദുൽ ലത്തീഫ് മണക്കടവ്, എ. ഹമീദ് മൗലവി, ഇ.പി അൻവർ സാദത്ത്, പി.ടി സന്തോഷ് കുമാർ, കെ. സി പ്രവീൺ കുമാർ, സുൽഫിക്കർ അലി, റാഷിദ് പടനിലം തുടങ്ങിയവർ പങ്കെടുത്തു. യോഗത്തിന് ശേഷം ജില്ലാ കലക്ടറുമായി സമരസമിതി ഭാരവാഹികൾ കൂടിക്കാഴ്ച നടത്തി. ബലി പെരുന്നാളിന് മുൻപ് തന്നെ സമരം ഒത്തു തീർപ്പാക്കാൻ കലക്ടറുടെ ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ടാണ് സമരസമിതി ഭാരവാഹികൾ കലക്ടറെ കണ്ടത്. ആവശ്യം അടിയന്തിരമായി സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുമെന്നും കലക്ടർ ഉറപ്പു നൽകിയതായി ഭാരവാഹികൾ അറിയിച്ചു. സമരസമിതി ചെയർമാൻ ദിനേശ് പെരുമണ്ണ, കൺവീനർ മുസ്തഫ പാലാഴി, കെ.കെ കോയ, ഇ.പി അൻവർ സാദത്ത്, എം.ടി സേതുമാധവൻ, എം.വി അബ്ദുല്ലത്തീഫ്, റാഷിദ് പടനിലം എന്നിവരാണ് കലക്ടറെ കണ്ടത്.

# നാദാപുരത്ത് ഡെങ്കിപ്പനി പ്രതിരോധം ഊർജിതമാക്കി 'മുന്നൊരുക്കം' പരിപാടി സംഘടിപ്പിച്ചു


നാദാപുരത്ത് ഡെങ്കിപ്പനി പ്രതിരോധം ഊർജിതമാക്കി സംഘടിപ്പിച്ച 'മുന്നൊരുക്കം' പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി

നാദാപുരം: തൊട്ടടുത്ത പ്രദേശങ്ങളിൽ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ നാദാപുരത്ത് ഡെങ്കിപ്പനി പ്രതിരോധ ത്തിന്റെ ഭാഗമായി ജനപ്രതിനിധികളുടേയും ആരോഗ്യവകുപ്പ് ജീവനക്കാരുടേയും ആശാ സന്നദ്ധപ്രവർത്തകർമാരുടെയും നേതൃത്വത്തിൽ 'മുന്നൊരുക്കം' പരിപാടി സംഘടിപ്പിച്ചു എല്ലാ മാസവും 10ന് പ്രതിമാസ ആരോഗ്യപ്രവർത്തകർമാരുടെ യോഗം പഞ്ചായത്തിൽ വിളിച്ചു ചേർക്കുവാനും ഈ മസം 26 മുതൽ അടുത്ത മാസം പത്താം തീയതി വരെ കൊതുകുനിവാരണ പ്രവർത്തനത്തിന്റെ ഭാഗമായി മുഴുവൻ വീടുകളുടെയും അടുക്കള ഭാഗം ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ പരിശോധന നടത്തുവാനും തീരുമാനിച്ചു. ഇതിനു മുന്നോടിയായി 22 വാർഡുകളിലും 25ാം തീയതിക്ക് മുമ്പായി വാർഡ് സാനിറ്റേഷൻ യോഗം ചേരുവാനും അടച്ചിട്ട വീടുകളുടെ വിവരങ്ങൾ ശേഖരിച്ച് പഞ്ചായത്തിൽ നൽകുവാനും അതിർത്തി വാർഡുകളിൽ ദ്രുത പരിശോധന നടത്തുവാനും കഴിഞ്ഞവർഷം ഡെങ്കിപ്പനി , എലിപ്പനി വന്ന വാർഡുകളിൽ സ്പെഷ്യൽ പരിശോധന നടത്തുവാനും ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ രാത്രികാല പരിശോധന നടത്തുവാനും തീരുമാനിച്ചു. കൊതുക് നിവാരണ പ്രവർത്തനങ്ങളിലും മാലിന്യനിർമാർജന പ്രവർത്തനങ്ങളിലും സഹകരിക്കാത്തവർക്കെതിരേ ഇന്ത്യൻ പീനൽ കോഡ് 269 /278 പ്രകാരം നടപടി സ്വീകരിക്കാനും യോഗം തീരുമാനിച്ചു ,മുന്നൊരുക്കം പരിപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അഖില മര്യാട്ട് അധ്യക്ഷത വഹിച്ചു. സ്ഥിരം സമിതി അധ്യക്ഷൻമാരായ സി.കെ നാസർ , എം.സി സുബൈർ, ജനീദ ഫിർദൗസ് , പഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽ ഹമീദ് , മെഡിക്കൽ ഓഫിസർ ഡോ.കെ ജമീല ,ഹെൽത്ത് ഇൻസ്പെക്ടർ സുരേന്ദ്രൻ കല്ലേരി, പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ കെ.സതീഷ് ബാബു, ജെ.എച്ച്.ഐ കുഞ്ഞിമുഹമ്മദ്.കെ, പ്രസാദ്.സി എന്നിവർ സംസാരിച്ചു.


ഫോർവേഡ് ബ്ലോക്ക് 'ഹർഘർ നേതാജി' ജില്ലാതല പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന കെ.പി.സി.സി മെമ്പർ കെ.വി സുബ്രഹ്മണ്യൻ

## ഫോർവേഡ് ബ്ലോക്ക് 'ഹർഘർ നേതാജി' ജില്ലാതല പരിപാടി ഉദ്ഘാടനം ചെയ്തു

കോഴിക്കോട്: ഫോർവേഡ് ബ്ലോക്കിന്റെ അഖിലേന്ത്യാ സമ്മേളന തീരുമാനപ്രകാരം രാജ്യത്തുടനീളം ഓരോ വീടുകളിലും 'നേതാജി സന്ദേശം' എത്തിക്കുക, ഭാവി ഭാരതം നേതാജിയിലൂടെ എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് സ്ഥാപക ദിനത്തിൽ ഹർഘർ നേതാജി പരിപാടിയുടെ പാർട്ടി സ്ഥാപക ദിനാചരണം കെ.എസ്.ആർ.ടി.സി പരിസരത്ത് വച്ച് നടത്തി. പരിപാടി കെ.പി.സി.സി മെമ്പർ കെ.വി. സുബ്രഹ്മണ്യൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി രാമദാസ് വേങ്ങേരി അധ്യക്ഷത വഹിച്ചു. വർധി ച്ചുവരുന്ന വിലക്കയറ്റത്തിനെതിരേയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനാധിപത്യ ധ്വംസനത്തിനെതിരേയും ജനകീയ പ്രക്ഷോഭങ്ങൾക്കും നേതൃത്വം നൽകും. ബഷീർ പൂവ്വാട്ടുപറമ്പ്, മനോജ് കാരന്തൂർ, ശക്തിധർ പനോളി, ജാസർ അറഫാത്ത്, സലിം കോട്ടൂളി, റഫീക്ക് പൂക്കാട്, പി.ഹയറുന്നിസ, അനിത.പി.കെ എന്നിവർ സംസാരിച്ചു.

## റോട്ടറി ക്ലബ് 3204 ഗവർണർ സ്ഥാനാരോഹണം 25ന്

കോഴിക്കോട്: കോഴിക്കോട്, കണ്ണൂർ, വയനാട്, മലപ്പുറം, കാസർകോട് ജില്ലകൾ ഉൾപ്പെടുന്ന റോട്ടറി ഡിസ്ട്രിക്ട് 3204ന്റെ പുതിയ ഗവർണറായി തിരഞ്ഞെടുക്കപ്പെട്ട സേതുശിവശങ്കറിന്റെ സ്ഥാനാരോഹണം 25ന് മെജസ്റ്റിക് ഹാളിൽ നടക്കും. രാവിലെ 9.30 മുതൽ ഉച്ചക്ക് ഒരുമണിവരെ നടക്കുന്ന ചടങ്ങിൽ റോട്ടറിയുടെ മുതിർന്ന നേതാക്കൾ സംബന്ധിക്കും. 24ന് മലബാർ പാലസിൽ നടക്കുന്ന റോട്ടറി ഡിസ്ട്രിക്ട് അസംബ്ലിയിൽ 78ഓളം റോട്ടറി ക്ലബ് ഭാരവാഹികൾക്ക് പഠനക്ലാസും 2023-24 വർഷത്തെ സാമൂഹ്യ സേവന പരിപാടികളെ സംബന്ധിച്ച് ഒരു പഠനശിബിരവും നടത്തും. മുൻ ഡിസ്ട്രിക്ട് ഗവർണർമാരായ പ്രമോദ് മഹാജൻ, ശ്രീധരൻ നമ്പ്യാർ, പ്രമോദ് നായനാർ എന്നിവർ പഠനശിബിരം നയിക്കും. മലബാറിന്റെ വിവിധ ഭാഗങ്ങളിൽനിന്നും തമിഴ്നാട്ടിൽ നിന്നുമായി എണ്ണൂറോളം പ്രതിനിധികൾ പങ്കെടുക്കും. റോട്ടറി ഡിസ്ട്രിക്ട് 3204ന്റെ സാരഥികളായി വിജയ് അർജുൻ ദാസ് ലുല്ല ജനറൽ സെക്രട്ടറിയായും എ.മണി ട്രഷററായും ചുമതലയേൽക്കും. വാർത്താസമ്മേളനത്തിൽ ഡോ.സേതു ശിവശങ്കർ, വിജയ് അർജുൻദാസ് ലുല്ല, എ.മണി, സന്നാഫ് പാലക്കണ്ടി എന്നിവർ പങ്കെടുത്തു.

## ശ്രീകാഞ്ചി ശങ്കരാചാര്യ ഫ്രീക്ലിനിക് സൊസൈറ്റി സുവർണ ജൂബിലി ആഘോഷ ഉദ്ഘാടനം 25ന്

കോഴിക്കോട്: ശ്രീകാഞ്ചി ശങ്കരാചാര്യ ഫ്രീക്ലിനിക് സൊസൈറ്റി സുവർണ ജൂബിലി ആഘോഷ ഉദ്ഘാടനവും സെമിനാറും 25ന് ഞായർ ശ്രീകാഞ്ചി ശങ്കരാചാര്യ ഫ്രീക്ലിനിക് ഹാളിൽ നടക്കുമെന്ന് സൊസൈറ്റി പ്രസിഡന്റ് ഡോ. വി.പി ബാലസുബ്രമണ്യൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന സുവർണജൂബിലിയുടെ ഉദ്ഘാടനം രാവിലെ 9.30ന് സ്വാമി സത്യാനന്ദപുരി (ശ്രീശാരദ അദ്വൈതാശ്രമം, കോഴിക്കോട്) നിർവഹിക്കും. ഡോ.വി.പി ബാലസുബ്രമണ്യൻ അധ്യക്ഷത വഹിക്കും. 50 വർഷങ്ങളായി ക്ലിനിക്കിൽ നിസ്വാർഥ സേവനമനുഷ്ഠിച്ച ഡോക്ടർമാരായ എ.ത്യാഗരാജൻ, എസ്. ആർ രാമചന്ദ്രൻ, കെ.ബാലസുബ്രമണ്യൻ എന്നിവരെ ആദരിക്കും. കാഞ്ചി ക്ലിനിക്ക് പ്രവർത്തിക്കുന്ന 60ാം വാർഡിലെ ഗവ.അച്ചുതൻ ഗേൾസ് ചാലപ്പുറം, സാമൂതിരി എച്ച്.എസ് എന്നീ സ്കൂളുകളിലെ എസ്.എസ്.എൽ.സി, പ്ലസ്ടുവിന് എപ്ലസ് നേടിയ വിദ്യാർഥികളെ അനുമോദിക്കും. തുടർന്ന് നടക്കുന്ന സെമിനാറിൽ 'ശ്രീശങ്കരാചാര്യരും ഭാരത നവോത്ഥാനവും' എന്ന വിഷയം ഡോ.പി.കെ ദീപക് രാജ് (അസി.പ്രൊഫ., ആദർശസംസ്കൃത വിദ്യാപീഠം, ബാലുശ്ശേരി) അവതരിപ്പിക്കും. വാർത്താസമ്മേളനത്തിൽ കെ.ബി ശിവാനന്ദൻ, ട്രഷറർ ടി.എസ് വെങ്കിടാദ്രി എന്നിവരും പങ്കെടുത്തു.

# അന്താരാഷ്ട്ര യോഗദിനം നടത്തി


കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ഹയാത്തിലെ അൽ-സോഹ്ബ ഗാർഡനിൽ അന്താരാഷ്ട്ര യോഗദിനാഘോഷം നടത്തിയപ്പോൾ

ജിദ്ദ: കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ, ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി പാർക്ക് ഹയാത്തിലെ അൽ-സോഹ്ബ ഗാർഡനിൽ അന്താരാഷ്ട്ര യോഗദിനാഘോഷം നടത്തി. 'യോഗ ഫോർ വസുദൈവകുടുംബകം' എന്ന പ്രമേയത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. ഇന്ത്യൻ കോൺസൽ ജനറൽ മുഹമ്മദ് ഷാഹിദ് ആലം മുഖ്യാതിഥിയായി പങ്കെടുത്തു. മനസ്സിന്റെയും ശരീരത്തിന്റെയും പിരിമുറുക്കം കുറയ്ക്കാൻ യോഗ പരിശീലിച്ചതിന്റെ അനുഭവം അദ്ദേഹം പങ്കുവെച്ചു.

യഹ്‌യ അൽ ഷെരീഫ്, സൽവ അൽ മദനി, ഐറും ഖാനും യോഗ പരിശീലിക്കുന്നതിന്റെ ആരോഗ്യ നേട്ടങ്ങളെക്കുറിച്ച് വിവരിച്ചു. കോൺസുലേറ്റ് ഉദ്യോഗസ്ഥർ, ഇന്ത്യൻ ഡയസ്പോറ അംഗങ്ങൾ, ജിദ്ദയിലെ മീഡിയ ഫ്രറ്റേണിറ്റി അംഗങ്ങൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. യോഗാ പരിശീലകർക്ക് മുഹമ്മദ് ഷാഹിദ് ആലവും ഷക്കീല ഷാഹിദും പ്രശംസാ പത്രം സമ്മാനിച്ചു. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ജലധാരയായ കിംഗ് ഫഹദിന്റെ പശ്ചാത്തലം സായാഹ്നത്തെ കൂടുതൽ ആനന്ദഭരിതമാക്കി.

# സ്വയംപര്യാപ്തർ



കവിത

**കെ.വിജയൻ നായർ**



പാടം നികത്തിപ്പുര വയ്ക്കുവോർ
പാടെ മറന്നതും കൃഷിപ്പണികളത്രെ
പാരം കൃഷിക്കായ് തരിമണ്ണില്ലെന്നും
പാഴ്‌വാക്കിലൊളിക്കും മടിയന്മാരും !

വേണേൽ ചക്ക വേരിലും കായ്ക്കും
വേണ്ടതൊട്ടു മനസ്സുമാത്രമുള്ളവർ
വസ്തുവിൽ കൃഷി ചെയ്തു കാട്ടാം
വിളവെടുക്കാനുള്ളപുരയിടം ധാരാളം !

നെല്ലു മാത്രമല്ല വാഴയും തെങ്ങും
നമുക്കു കൃഷിചെയ്തിടാം കൂടെ
നല്ല പച്ചക്കറിയും ഇഞ്ചിയും മഞ്ഞളും
നട്ടു വളർത്തിടാം കപ്പകൃഷിയുമാകാം !

വീടിന്റെ മട്ടുപ്പാവിലെള്ളൂ കൃഷി ചെയ്യാം
വിജ്ഞാനമേറാൻ കൃഷിഭവനുണ്ടുകൂടെ
വിത്തുംവളവും ലഭിക്കുമ്പോൾ മതിയായ
വിളവിൻവിദ്യകളും പറഞ്ഞു തന്നിരിക്കും !

വിഷമില്ലാക്കനികൾ ഭക്ഷിക്കാനുതകും
വിധം ജൈവവളമുപയോഗിക്കാനാകും
വിലമതിക്കാനാകാത്ത കൃഷിയായിമാറും
വസന്തം കൃഷിതൻ സ്വയംപര്യാപ്തരും !



# വിംബിൾഡണിൽ നിർമിതബുദ്ധി സാങ്കേതിക വിദ്യകൾ പരീക്ഷിക്കും

ലണ്ടൻ: ഏറ്റവും വലിയ ടെന്നീസ് ടൂർണമെന്റുകളിലൊന്നായ വിംബിൾഡണിൽ നിർമിത ബുദ്ധി സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനൊരുങ്ങുന്നു. അടുത്തമാസം ആരംഭിക്കുന്ന ടൂർണമെന്റിൽ എ.ഐ സംവിധാനമൊരുക്കുമെന്ന് ഓൾ ഇംഗ്ലണ്ട് ടെന്നീസ് ക്ലബ്ബ് അറിയിച്ചു. ഐ.ബി.എമ്മുമായി സഹകരിച്ചാണ് ഇത്. ലൈൻ ജഡ്ജസിന്റെ ജോലിയാണ് നിർമിതബുദ്ധിയെ ഏൽപ്പിക്കുക.

വരാനിരിക്കുന്ന ടൂർണമെന്റിൽ വിംബിൾഡൺ വെബ്സൈറ്റിലും ആപ്പിലും വരുന്ന ഹൈലൈറ്റ്സ് വീഡിയോയുടെ ഓഡിയോ കമന്ററി എ.ഐയുടെ സഹായത്തോടെയായിരിക്കും. ഫൈനലിലേക്കുള്ള ഓരോ താരത്തിന്റെ പാതയും എങ്ങനെയാണെന്ന് എ.ഐയുടെ സഹായത്തോടെ തയ്യാറാക്കും.

അതേസമയം പുതിയ സാങ്കേതിക വിദ്യ ലൈൻ ജഡ്ജസിന്റെ പണി കളയുമെന്ന സാഹചര്യമുയർത്തുന്നുണ്ട്. എങ്കിലും ഈ വർഷത്തെ ടൂർണമെന്റിൽ ലൈൻ ജഡ്ജസ് ഉറപ്പായും ഉണ്ടാകുമെന്ന് അധികൃതർ വ്യക്തമാക്കി.

# പനിയിൽ വിറച്ച് കേരളം; ഇന്നലെ ചികിത്സയ്ക്കെത്തിയത് 13,490 പേർ

തിരുവനന്തപുരം: സംസ്ഥാനത്ത് പനി വ്യാപിക്കുന്നു. ഇന്നലെ 13490ൽ ഏറെ പേരാണ് ചികിത്സ നേടിയത്. ഇതിൽ 163 പേരെ അഡ്മിറ്റ് ചെയ്തു. 21ന് 13258 പേർ ചികിത്സ തേടിയിരുന്നു. തിരുവനന്തപുരത്ത് എലിപ്പനി ബാധിച്ച് ഒരാളും, കൊല്ലത്ത് ഡങ്കിപ്പനി ബാധിച്ച് ഒരാളും മലപ്പുറം കുറ്റിപ്പുറത്ത് പന്നിപ്പനി ബാധിച്ച് ഒരു കുട്ടിയും വ്യാഴാഴ്ച മരിച്ചു. പനി ബാധിച്ചവരുടെ എണ്ണത്തിൽ കഴിഞ്ഞ നാല് ദിവസത്തിനിടെ വലിയ വർധനവുണ്ടായിട്ടുണ്ട്. മലപ്പുറം ജില്ലയിലാണ് കൂടുതൽ പേർ പനി ബാധിച്ച് ചികിത്സയ്ക്കെത്തിയത് 2051. കൂടുതൽ പേരെ അഡ്മിറ്റ് ചെയ്തത് എറണാകുളത്താണ് 35. ഔദ്യോഗിക കണക്കനുസരിച്ച് 282 രോഗികൾക്കാണ് ഡെങ്കി ലക്ഷണം. ഇതിൽ 53 പേർക്ക് രോഗം സ്ഥിരീകരിച്ചു. ഡെങ്കിപ്പനി കൂടുതലും കൊല്ലത്താണ്. 16 പേർക്ക് രോഗം സ്ഥിരീകരിച്ചു. മലപ്പുറത്ത് 14 പേർക്ക് രോഗമുണ്ട്. ഏഴുപേർക്ക് എലിപ്പനി സ്ഥിരീകരിച്ചു. ഈ സാഹചര്യത്തിൽ പ്രതിരോധം ശക്തിപ്പെടുത്താനുള്ള ശ്രമത്തിലാണ് സർക്കാർ. ആരോഗ്യമന്ത്രി വീണാ ജോർജ്, തദ്ദേശസ്വയംഭരണ മന്ത്രി എം.ബി രാജേഷ്, വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേർന്നു. ജൂലായ് മാസത്തിൽ കൂടുതൽ പകർച്ചപ്പനി വ്യാപനമുണ്ടാവാനിടയുണ്ടെന്നാണ് കരുതുന്നത്. വകുപ്പുകൾ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളാണ് സർക്കാർ ആസൂത്രണം ചെയ്യുന്നത്.



## പനിപ്പേടിയിൽ മലപ്പുറം; കുറ്റിപ്പുറത്ത് ഒരു കുട്ടി മരിച്ചു

മലപ്പുറം: കുറ്റിപ്പുറത്ത് പന്നിപ്പനി (H1N1) ബാധിച്ച് ഒരു കുട്ടി മരിച്ചു. കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ചികിത്സയിലിരുന്ന ഗോകുൽ (13) ആണ് മരിച്ചത്. ഗോകുലിന്റെ മരണം പന്നിപ്പനി മൂലമാണെന്ന് സ്ഥിരീകരിച്ചു. മലപ്പുറത്ത് എലിപ്പനിയും ഡെങ്കിപ്പനിയും വ്യാപിക്കുന്നതിനിടെയാണ് പന്നിപ്പനി മരണം സംഭവിച്ചിരിക്കുന്നത്.

# ശരീരത്തിൽ വിറ്റാമിൻ ഡി കുറയുന്നതിന്റെ അഞ്ച് അടയാളങ്ങൾ

ശരീരത്തിന്റെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നിർവഹിക്കുന്നതിൽ വിറ്റാമിൻ ഡിയുടെ പങ്ക് വളരെ വലുതാണ്. ശരീരത്തിന് ആവശ്യമായ രണ്ട് പ്രധാന ധാതുക്കളായ കാത്സ്യം, ഫോസ്ഫറസ് എന്നിവ ആഗിരണം ചെയ്യാനും നിലനിർത്താനും വിറ്റാമിൻ സഹായിക്കുന്നു. ക്യാൻസർ സെല്ലുകളുടെ വളർച്ച കുറയ്ക്കാനും അണുബാധ തടയാനും വിറ്റാമിൻ ഡി ക്ക് കഴിയുമെന്നും പഠനങ്ങൾ തെളിയിക്കുന്നു. എല്ലുകളെ ആരോഗ്യത്തോടെയും ബലത്തോടെയും നിലനിർത്തുന്നതാണ് വിറ്റാമിൻ ഡിയുടെ പ്രധാന പങ്ക്. നമ്മൾ അറിഞ്ഞിരിക്കേണ്ട വിറ്റാമിൻ ഡിയുടെ കുറവിന്റെ ചില ലക്ഷണങ്ങൾ ഇതാ.



**ഉറക്കമില്ലായ്മ**

വിറ്റാമിൻ ഡി യുടെ അഭാവം സ്ട്രെസ് ഹോർമോണിന്റെയും കോർട്ടിസോളിന്റെയും അളവ് ഉയർത്തുന്നതിനാൽ ഇത് ഉറക്ക രീതിയെ ബാധിക്കും. ഇക്കാരണത്താൽ, പലപ്പോഴും ക്ഷീണതനായിരിക്കാൻ സാധ്യതയുണ്ട്. വൈറ്റമിൻ ഡിയുടെ കുറവ് ചെറിയ ഉറക്ക , രാത്രി ഉണരൽ, മറ്റ് ഉറക്ക തകരാറുകൾ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു.

**എല്ലുകളിൽ വേദന**

എല്ലുകളിൽ വേദന വരുന്നതാണ് ശരീരത്തിൽ വിറ്റാമിൻ ഡി കുറയുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷണം. വിറ്റാമിൻ ഡി കുറയുമ്പോൾ എല്ലുകളിൽ വേദന, പേശികളിൽ ബലഹീനത എന്നിവ വരാനും ഒടിവുകൾ സംഭവിക്കാനും സാധ്യത കൂടുതലാണ്. വിറ്റാമിൻ ഡി കുറവുള്ളവരിൽ ചെറിയ വീഴ്ചയിൽ തന്നെ എല്ലുകൾക്ക് പരുക്കേൽക്കാം.

**തുടർച്ചയായുള്ള അസുഖങ്ങൾ**

തുടർച്ചയായി രോഗങ്ങൾ വരുന്നതിന് വൈറ്റമിൻ ഡി ഒരു കാരണമായേക്കാം. രോഗപ്രതിരോധ സംവിധാനത്തിൽ വിറ്റാമിൻ ഡിയുടെ പങ്ക് പ്രധാനമാണ്. അഭാവം ശരീരത്തെ വിവിധ തരം രോഗാണുക്കൾക്ക് വിധേയമാക്കുന്നു. വിറ്റാമിൻ ഡിയുടെ അളവ് കുറവുള്ള ആളുകൾക്ക് ജലദോഷം, ആസ്ത്മ എന്നിവ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണെന്ന് പഠനങ്ങളിൽ പറയുന്നു.

**വിഷാദം**

വിഷാദരോഗത്തിന്റെ ആരംഭം പല കാരണങ്ങളാൽ ഉണ്ടാകാം. ഇതിൽ വിറ്റാമിൻ ഡിയുടെ അഭാവം പ്രധാനപ്പെട്ട ഒന്നാണ്. മാനസികാരോഗ്യത്തിന് വിറ്റാമിൻ ഡിയുമായുള്ള ബന്ധത്തെക്കുറിച്ച് ആളുകൾക്ക് അവബോധം കുറവാണ്, വിഷാദരോഗത്തിന്റെ ലക്ഷണങ്ങളും വിറ്റാമിൻ ഡിയുടെ കുറഞ്ഞ അളവും തമ്മിൽ ബന്ധമുണ്ടെന്ന് പഠനങ്ങൾ കണ്ടെത്തി.

**മുടി കൊഴിച്ചിൽ**

രോമകൂപങ്ങളെ ഉത്തേജിപ്പിക്കുന്നതിലും മുടി വളർച്ച കൂട്ടുന്നതിലും വിറ്റാമിൻ ഡി ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഈ വിറ്റാമിന്റെ അഭാവം മുടിയുടെ വളർച്ചയെ ബാധിക്കുന്നു. മാത്രമല്ല ഇത് മുടികൊഴിച്ചിലിനും കാരണമാകുന്നു. വിറ്റാമിൻ ഡിയുടെ കുറയുന്നത് പുതിയ മുടിയുടെ വളർച്ചയെ തടയുന്നു.

ശരീരത്തിലെ വിറ്റാമിൻ ഡി യുടെ കുറവ് ഹൃദ്രോഗങ്ങൾ വരാനുള്ള സാധ്യത വർധിപ്പിക്കും, ഇത് വൈജ്ഞാനിക വൈകല്യത്തിനുള്ള സാധ്യത വർധിപ്പിക്കുന്നു, കഠിനമായ ആസ്ത്മയ്ക്ക് കാരണമാകുന്നു, കൂടാതെ ക്യാൻസർ വളർച്ചയിലും ഒരു പങ്കുണ്ട്. വിറ്റാമിൻ ഡിയുടെ അളവ് എല്ലുകളുടെ ആരോഗ്യത്തെ ബാധിക്കുകയും ശരീരത്തിലെ പ്രതിരോധ പ്രവർത്തനത്തെ കുറയ്ക്കുകയും ചെയ്യുന്നു.

വൻകുടൽ പുണ്ണ് പോലുള്ള രോഗങ്ങളുള്ളവർക്ക് ഈ അവശ്യ വിറ്റാമിന്റെ അളവ് കുറവായിരിക്കും, കാരണം ഈ ആളുകളിലെ കുടൽ സംവിധാനത്തിന് വിറ്റാമിൻ ആഗിരണം ചെയ്യാൻ കഴിയില്ല. അമിതവണ്ണമുള്ളവർക്കും രക്തത്തിൽ വിറ്റാമിൻ ഡിയുടെ അളവ് കുറവായിരിക്കും, കാരണം ഈ വ്യക്തികളിലെ കൊഴുപ്പ് കോശങ്ങളിൽ വിറ്റാമിൻ ഡി അടിഞ്ഞു കൂടുന്നു. ഇവരെക്കൂടാതെ, അടുത്തിടെ ഗ്യാസ്ട്രിക് ബൈപാസ് ശസ്ത്രക്രിയ നടത്തിയവരിലും വിറ്റാമിൻ ഡിയുടെ അളവ് കുറവായിരിക്കും.



# ചർമ്മമുഴ: നഷ്ടപരിഹാരം ഉടൻ വിതരണം ചെയ്യും, മാർഗനിർദേശങ്ങൾ പുറത്തിറക്കി

തിരുവനന്തപുരം: ചർമ്മമുഴ രോഗം മൂലം ചത്ത പശുക്കൾക്കുള്ള നഷ്ടപരിഹാരത്തുക കർഷകർക്ക് ഉടൻ നൽകുമെന്ന് മൃഗസംരക്ഷണ -ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി ഇക്കഴിഞ്ഞ നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. ചർമ്മമുഴ വന്ന് ചത്ത പശുക്കളുടെ ഉടമകൾക്ക് ഏറെ ആശ്വാസം നൽകുന്ന നഷ്ടപരിഹാരത്തുകയായി വലിയ പശുവിന് 30,000 രൂപയും പ്രായം കുറഞ്ഞ പശുവിന് 16,000 രൂപയും പശുക്കുട്ടിക്ക് 5,000 രൂപയും നൽകുമെന്നാണ് മന്ത്രി നിയമസഭയിൽ അറിയിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തുക വേഗത്തിൽ കൈമാറുന്നതിനായുള്ള മാർഗനിർദേശങ്ങൾ മൃഗസംരക്ഷണ വകുപ്പ് പുറത്തിറക്കി. ചർമ്മമുഴയുമായി ബന്ധപ്പെട്ട നഷ്ടപരിഹാര അപേക്ഷകൾ സ്വീകരിക്കുന്നതിന് ചുവടെ പറയുന്ന നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

**1.**നിലവിലുള്ള നിശ്ചിത മാതൃകയിൽ കർഷകൻ പൂരിപ്പിച്ച് നൽകിയ അപേക്ഷ, **2.** കർഷകന്റെ തിരിച്ചറിയൽ രേഖ (ആധാർ കാർഡ്), **3.** നഷ്ടപരിഹാരത്തുക ലഭ്യമാക്കേണ്ടുന്ന ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (അപേക്ഷകന്റെ പേര്, അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോഡ്, ബ്രാഞ്ചിന്റെ പേര് മുതലായവ ഉൾപ്പെടുത്തണം), **4.** വാർഡ് മെമ്പർ അല്ലെങ്കിൽ പഞ്ചായത്ത് പ്രസിഡന്റ് നൽകുന്ന സാക്ഷ്യപത്രം, **5.** സർക്കാർ മൃഗാശുപത്രിയിൽ ചികിത്സ നടത്തി എന്നതിന് വെറ്ററിനറി ഡോക്ടർ നൽകിയ സർട്ടിഫിക്കറ്റ്, **6.** ഉരു മരിച്ചുകിടക്കുന്ന ഫോട്ടോ, **7.**ഉരുവിന്റെ മരണ സർട്ടിഫിക്കറ്റ്, **8.** പോസ്റ്റ്മോർട്ടം ഒഴിവാക്കാം എന്ന് നിർദേശമുള്ളതിനാൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭ്യമല്ലാത്ത അപേക്ഷകളും സ്വീകരിക്കും, **9.** ചർമ്മമുഴ പ്രകൃതിക്ഷോഭവുമായി ബന്ധപെട്ടുള്ളതല്ലാത്തതിനാൽ വില്ലേജ് /റവന്യൂ അധികാരിയുടെ സാക്ഷ്യപത്രം ആവശ്യമില്ല, **10.** ഇൻഷുറൻസ് ക്ലെയിം ലഭിച്ചിട്ടില്ല എന്ന് കർഷകന്റെ സാക്ഷ്യപത്രം (ആയത് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയത്). കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടേണ്ടതാണ്.




ലയൺസ് ക്ലബ് 318 ഇയുടെ നേതൃത്വത്തിൽ അംഗങ്ങൾക്കായി സംഘടിപ്പിച്ച കാൻസർ പ്രതിരോധ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ഡിസ്ട്രിക്ട് ഗവർണർ ഇലക്ട് സി.എ ടി.കെ രജീഷ്

# ലയൺസ് ക്ലബ് 'കാൻസർ പ്രതിരോധ' സെമിനാർ സംഘടിപ്പിച്ചു

കോഴിക്കോട്: ലയൺസ് ക്ലബ് 318 ഇയുടെ നേതൃത്വത്തിൽ അംഗങ്ങൾക്കായി കാൻസർ പ്രതിരോധ സെമിനാർ സംഘടിപ്പിച്ചു. എരഞ്ഞിപ്പാലം സഫയർ ഹാളിൽ നടന്ന ചടങ്ങ് ഡിസ്ട്രിക്ട് ഗവർണർ ഇലക്ട് സി.എ ടി.കെ രജീഷ് ഉദ്ഘാടനം ചെയ്തു. കാലിക്കറ്റ് സൊസൈറ്റി ഓഫ് ഒബ്സ്ട്രീഷ്യൻസ് ആന്റ് ഗൈനക്കോളജിസ്റ്റ്സ് പ്രസിഡന്റ് ഡോ. ജ്യോതി ചന്ദ്രൻ അധ്യക്ഷത വഹിച്ചു. ഡോ. ലോപമുദ്ര ദാസ് മുഖ്യാതിഥിയായി. കണ്ണൂർ കാൻസർ കെയർ സൊസൈറ്റിയിലെ ഡോ. ഇ. വർഷ , ഡോ. കൃഷ്ണാനന്ദ് പൈ, സുശീൽ കുമാർ വളപ്പിൽ എന്നിവർ സംസാരിച്ചു. ലയൺസ് ക്ലബ് ഓഫ് കോഴിക്കോട് നന്മ പ്രസിഡന്റ് ഡോ. അവനി കെ.പി സ്കന്ദൻ സ്വാഗതവും പി.ആർ.ഒ ആന്റ് മാർക്കറ്റിംഗ് സുനിത ജ്യോതി പ്രകാശ് നന്ദിയും പറഞ്ഞു.

# കൊങ്ങന്നൂർ ശാഖ മുസ്ലിം ലീഗ് 'ആംബുലൻസ്' നാടിന് സമർപ്പിച്ചു

അത്തോളി: കൊങ്ങന്നൂർ ശാഖ മുസ്ലിം ലീഗ് ഒരുക്കിയ ഉസ്മാൻ മണപ്പാട്ടിൽ, അബ്ദുല്ല കമ്മോട്ടിൽ, ഷാഹുൽ ഹമീദ് പാണക്കാട് മെമ്മോറിയൽ ആംബുലൻസ് ഡോ. എം.കെ മുനീർ എം.എൽ.എ നാടിന് സമർപ്പിച്ചു. ജനിച്ച പ്രദേശത്തെ നാട്ടുകാരും കുടുംബാംഗങ്ങളുമെന്ന നിലയിലും ഈ മൂന്നു വ്യക്തികളുമായും അഭേദ്യമായ ബന്ധമായിരുന്നു തനിക്കുള്ളതെന്നും ഇവരൊക്കെ രാഷ്ട്രീയ പ്രവർത്തനത്തിനപ്പുറം സാമൂഹ്യ സേവനം മുഖമുദ്രയാക്കിയവരായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഇവരുടെ വിയോഗം സമൂഹത്തിന് നികത്താൻ പറ്റാത്തതാണ്. അവരുടെ ഓർമ്മയിൽ സാമൂഹ്യ, ആതുര സേവന രംഗത്ത് സഹായിക്കാനുതകുന്ന വാഹനം കൊടുക്കാൻ പറ്റുക എന്നതായി മഹത്വരമായ മറ്റൊന്നില്ലെന്നും മുനീർ കൂട്ടിച്ചേർത്തു. ശാഖ പ്രസിഡന്റ് അബ്ദുൽ അസീസ് കമ്മോട്ടിൽ അധ്യക്ഷത വഹിച്ചു. മണ്ഡലം മുസ്ലിം ലീഗ് പ്രസിഡന്റ് സാജിദ് കോരോത്ത് അനുസ്മരണ പ്രഭാഷണം നടത്തി. യൂത്ത് ലീഗ് ദേശീയ വൈസ് പ്രസിഡന്റ് ഷിബു മീരാൻ മുഖ്യപ്രഭാഷണം നടത്തി. മുസ്ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിൽ, മണ്ഡലം ജനറൽ സെക്രട്ടറി അഹമ്മദ് കോയ മാസ്റ്റർ, പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാമചന്ദ്രൻ, പഞ്ചായത്ത് ആരോഗ്യ, വിദ്യാഭ്യാസ ചെയർപേഴ്സൺ എ.എം സരിത, വാർഡ് മെമ്പർ സാജിദ ടീച്ചർ, എം.സി ഉമ്മർ, കെ.എ.കെ ഷമീർ, കരിമ്പയിൽ അബ്ദുൽ അസീസ്, റംലപയ്യം പുനത്തിൽ, ഒ.കെ അലി, ഫൈസൽ ഏറോത്ത് സംസാരിച്ചു. ജലീൽ പുനത്തിൽ സ്വാഗതവും താഹിർ കാബൂറ നന്ദിയും പറഞ്ഞു.



കൊങ്ങന്നൂർ ശാഖ മുസ്ലിം ലീഗിന്റെ നേതൃത്വത്തിൽ 'ആംബുലൻസ്' എം.കെ മുനീർ എം.എൽ.എ നാടിന് സമർപ്പിച്ചപ്പോൾ

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.